LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രി പ്രഖ്യാപിച്ച സംസ്ഥാന പദ്ധതികളുടെ നടത്തിപ്പ്

11 [1648] *ശ്രീ. പി. ജയരാജൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സന്ദർശന വേളയിലും മറ്റുമായി പ്രധാനമന്ത്രി സംസ്ഥാനത്തിനു വേണ്ടി പ്രഖ്യാപിച്ച പദ്ധതികളും, പരിപാടികളും നൽകിയ ഉറപ്പുകളും എന്തൊക്കെയായിരുന്നു;

(ബി) ഇവ ഓരോന്നും നടപ്പിൽ വന്നിട്ടുണ്ടോ;

(സി) ഏതെല്ലാം കാര്യങ്ങളിൽ അനുകൂല തീരുമാനം ഉണ്ടായിട്ടുണ്ട്.

(ഡി) പ്രധാനമന്ത്രി നടത്തിയ പ്രഖ്യാപനങ്ങൾ നടപ്പിൽവരുത്തി കിട്ടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിനുവേണ്ടി പ്രധാനമന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നവയാണ്.

(i) വല്ലാർപാടം അന്താരാഷ്ട്ര കണ്ടയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ

(ii) നാഷണൽ തെർമൽ പവർ കോർപ്പറേഷന്റെ കായംകുളം താപനിലയത്തിന്റെ രണ്ടാംഘട്ട വികസനം

(iii) കൊച്ചിയിലെ ദ്രവീകൃത പ്രകൃതി വാതക ടെർമിനൽ

(ബി) & (സി) ഇതിൽ വല്ലാർപാടം അന്താരാഷ്ട്ര കണ്ടയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെയും കായംകുളത്തെ നാഷണൽ തെർമൽ പവർ കോർപ്പറേഷന്റെ രണ്ടാംഘട്ട വികസന പദ്ധതിയുടേയും ധാരണാപത്രങ്ങളിൽ ഒപ്പുവയ്ക്കുകയുണ്ടായി.

(ഡി) ഈ പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നതിനായി പ്രധാനമന്ത്രിയുടെ ഓഫീസുമായും മറ്റും ബന്ധപ്പെട്ട മന്ത്രാലയങ്ങളുമായും മുഖ്യമന്ത്രിതലത്തിലും സെക്രട്ടറിതലത്തിലും അതാതുവകുപ്പുകൾ നിരന്തരം ബന്ധപ്പെട്ടുവരുന്നു.

100 ദിന കർമ്മ പദ്ധതി

12 [1649] *ശ്രീ. പി. എസ്. സുപാൽ*:

,, *മാങ്കോട് രാധാകൃഷ്ണൻ*:

,, *ബിനോയ് വിശ്വം*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ 100 ദിന കർമ്മപദ്ധതി ആരംഭിച്ചത് എന്നാണ് എന്നും അവസാനിച്ചത് എന്നാണ് എന്നും വ്യക്തമാക്കാമോ;